

# ദീപ്തം







LITTLE KITES GHSS VADANAMKURUSSI



JAMSHITHA M


FATHIMA FAIZA


JAFNA


SHAHANA SHIRIN


NAJIYA T M


SIJILA SHERIN P

# LITTLE KITES MEMBERS


MUHAMMED NAVAF E K


MUHAMMED FAYIS


SHAJIL SHAJ


MOHAMMED IHSAL K


HABEEBULLA P P


SAFVANA M


MUHAMMED HASHIM T M


MUHSINA T


KRISHNA KUMAR M S


ANJANA M P


ASWATHY K K


SAINUDHEEN K P


ANWAR SADIQ T


SHAHID A


ANUSREE V S

# മാഗസിൻ കമ്മിറ്റി




ഷഹന ഷെറിൻ



ഫാത്തിമ ഫൈസ



ജംഷിദ .എം



സഫ്‌വാന.എം



പ്രിൻസ് ആൻറണി
ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ



ഉഷാദേവി.യു.
ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ്


# ആമുഖം

**പൊതു വിദ്യാലയങ്ങൾ അറിവിന്റെ നിറകുടങ്ങളായ് മാറുന്നു. അതിൽ ആഹ്ലാദ മുത്തുകൾ കൂടി നിറയ്ക്കാനുള്ള യാത്രയിലാണ് ലിറ്റിൽ കൈറ്റ്സ്..... ഒരു വിദ്യാലയത്തിന്റെ മുഴുവൻ പ്രവർത്തനങ്ങളെയും ഒരു ക്ലബിന്റെ കൈക്കുടന്നയിൽ മനോഹരമായി സൂക്ഷിക്കുക എന്ന ദൗത്യമാണ് ഈ മാഗസിനിലൂടെ ലിറ്റിൽ കൈറ്റ്സ് ലക്ഷ്യമിടുന്നത്........ വിദ്യാലയ ചരിത്രം,വിദ്യാരംഗം,പരിസ്ഥിതി,ഗണിതം,ശാസ്ത്രം,സാമൂഹ്യശാസ്ത്രം,മറ്റു ഭാഷാ ക്ലബുകൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ,ജെ.ആർ.സി,എൻ.സി.സി യൂണിറ്റുകളുടെ പ്രകടനങ്ങൾ......ഒപ്പം വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും സർഗ്ഗാത്മക പ്രവർത്തനത്തിലേക്ക് തുറന്നു വെച്ചതാൾ ജാലകങ്ങൾ.....അങ്ങനെ പലതുള്ളി പെരുവെള്ളമായ് മാറ്റാനുള്ള അശ്രാന്ത പരിശ്രമത്തിലാണ് ഞങ്ങൾ.തീർച്ചയായും ഈ കുരുന്നു പട്ടങ്ങൾ അറിവിന്റെ ആകാശം തേടി പറക്കുക തന്നെ ചെയ്യും എന്ന പ്രതീക്ഷയുണ്ട്........ അനുഗ്രഹങ്ങൾ തേടുന്നു.......**

നിർമ്മല.ഡി.പി.

മലയാളം അധ്യാപിക

# പ്രണാമം.......



വാടാനാംകുറുശ്ശിയിൽ ദേശമംഗലം മന വക സ്ഥലം ഒരു രൂപ പ്രതിഫലത്തിന് സർക്കാരിന് നൽകിക്കൊണ്ട് ,അവരുടേയും നാട്ടുകാരുടേയും ശ്രമഫലമായി 1912 ൽ ഇവിടെ ഒരു ഗവ: എൽ.പി സ്കൂൾ സ്ഥാപിതമായി. എ.കെ.ടികെ.എം വലിയ നാരായണൻ നമ്പൂതിരിപ്പാടാണ് ഈ സ്കൂളിന്റെ സ്ഥാപകൻ.1936 ൽ യു.പി ആയും, 1958 ൽ ഹൈസ്കൂൾ ആയും, 1998 ൽ ഹയർ സെക്കന്ററിയായും വളർന്ന ഈ വിദ്യാലയത്തിന് പറയാൻ അധ്വാനത്തിന്റേയും, പ്രതീക്ഷയുടേയും നീണ്ട ചരിത്രം തന്നെയുണ്ട്.കാലോചിതമായ പ്രവർത്തന ശൈലി കൊണ്ടും മൂല്യാധിഷ്ഠിതമായ വിദ്യാഭ്യാസം കൊണ്ടും അഭിമാനപൂർവ്വം തലയുയർത്തി നിൽക്കുന്ന ഈ വിദ്യാലയം സമൂഹത്തിന് സംഭാവന നൽകിയ വ്യക്തികൾ അനേകമാണ്.



**വിദ്യാർത്ഥികളിൽ വിവര സാങ്കേതിക വിദ്യയോട് താത്പര്യം ജനിപ്പിക്കുവാൻ ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മ ഹൈടെക് സ്കൂൾ കാലഘട്ടത്തിൽ അനിവാര്യമായ ഒന്നാണ്. ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ഡിജിറ്റൽ മാഗസിൻ ഏറെ പ്രശംസനീയമായ ഒരു ഉദ്യമമാണ്. പ്രസ്തുത ഉദ്യമത്തിന് എല്ലാവിധ ആശംസകളും നേരുന്നു.**

**ലത .വി ......സ്കൂൾ എച്ച്.എം.**

# സമർപ്പണം

നീണ്ട ഇരുപത്തൊന്ന് വർഷത്തോളം നമ്മുടെ വിദ്യാലയത്തിൽ കർമ്മനിരതയായി അക്കാദമിക് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി മികവാർന്ന വിജയത്തിന്റെ പാതയിൽ എത്തിച്ച ആത്മാർത്ഥതയും കൃത്യനിഷ്ഠയും കൈമുതലായ പ്രിയ സാമൂഹ്യശാസ്ത്ര അധ്യാപിക ലളിതാംബിക ടീച്ചർ............

സുദീർഘമായ ഇരുപത്തിമൂന്ന് വർഷക്കാലം വാടാനാംകുറുശ്ശി ഹൈസ്കൂളിന്റെ കലാ പ്രവർത്തനങ്ങളെ സജീവമാക്കിയ ഹൃദയമധുരമായ സംഗീതത്താൽ ആനന്ദഭരിതമാക്കിയ, സഞ്ചയികയിലൂടെ വിദ്യാർത്ഥികൾക്ക് സമ്പാദ്യ ശീലത്തിൻെറ ആദ്യ പാഠങ്ങൾ പകർന്നു നൽകിയ സംഗീതാധ്യാപിക ശോഭി ടീച്ചർ............................എന്നിവർക്കായി ഈ മാഗസിൻ സമർപ്പിക്കുന്നു

ലളിതാംബിക ടീച്ചർ



ശോഭി ടീച്ചർ



# ജി.എച്.എസ്.എസ് വാടാനാംകുറുശ്ശി

**വാടാനാംകുറുശ്ശിയുടെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു സർക്കാർ വിദ്യാലയമാണ് ജി.എച്.എസ്.എസ് വാടാനാംകുറുശ്ശി.1912-ൽ സ്ഥാപിച്ച ഈ വിദ്യാലയം പാലക്കാട് ജില്ലയിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ്.എ.കെ.ടികെ.എം വലിയ നാരായണൻ നമ്പൂതിരിപ്പാടാണ് ഈ സ്കൂളിന്റെ സ്ഥാപകൻ.**





## ഹൈടെക് സ്കൂൾ

**കേരള സർക്കാരിന്റെ പൊതു വിദ്യാഭ്യാസ സംരക്ഷണ പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്തു നടപ്പാക്കി വരുന്ന ഹൈടെക് സ്കൂൾ പദ്ധതിയിൽ വാടാനാംകുറുശ്ശി ഹയർ സെക്കന്ററി സ്കൂൾ ഉൾപ്പെട്ടിട്ടുണ്ട്.ഇതിന്റെ ഭാഗമായി** 3.5 **കോടിയോളം തുക ചിലവഴിച്ച് ക്ലാസ് മുറികളും, ലാബുകളും, ഓഡിറ്റോറിയവും ഉൾപ്പെടുന്ന ബ്ലോക്കിന്റെ നിർമ്മാണം ആരംഭിക്കുന്നു. ഇതിനു പുറമേ ഹൈസ്കൂളിൽ നിലവിലുള്ള** 24 **ക്ലാസ്സ് മുറികളും, ഹയർ സെക്കന്ററിയിൽ** 9 **ക്ലാസ്സ് മുറികളും ഹൈടെക് പരിശീലന സംവിധാനമുള്ളതായി മാറിക്കഴിഞ്ഞു.**






# ഒരു പ്രളയ കാലത്ത്....




മഴകനിഞ്ഞതെന്തിന് വേണ്ടി.....
കേരളത്തെ പ്രളയത്തിനടിയിലാക്കുവാൻ
വീടുകൾ, വയലുകൾ, എത്രയെത്ര
കെട്ടിടങ്ങൾ
നീ വന്നതിൽ നശിച്ചൊടുങ്ങി
എത്രയെത്ര ജീവികൾ , ജീവിതങ്ങൾ
നിൻെറ വരവിൽ നശിച്ചൊടുങ്ങി
വെള്ളം തിങ്ങി നിൽക്കെ എത്രയേറെ
ഷട്ടറുകൾ തുറന്നിടേണ്ടി വന്നു
മനുഷ്യരെ വെള്ളത്തിനടിയിലാക്കുവാൻ
കേരളം പ്രളയത്തിലാണ്ടു പോയ്
ചവറുകൾ ശരീരാവശിഷ്ടങ്ങൾ പ്രകൃതി-
തൻ നീരൊഴുക്കിൽ വന്നടിഞ്ഞു
എത്രയോ ജീവനുകൾ നഷ്ടപ്പെടുത്തി
നിൻെറ ഈ വരവുകളിൽ
പാഠപുസ്തകങ്ങൾ നഷ്ടപ്പെട്ട
പാവം ഒരു പിടി വിദ്യാർത്ഥികൾ
നാടിന്നഭിമാനമാകേണ്ട വിദ്യാർത്ഥികളുടെ
സ്വപ്നങ്ങൾ നിൻെറ വരവിൽ തകർന്നടിഞ്ഞു
വെള്ളത്തിനടിയിലായ് എത്രയോ നഗരങ്ങൾ
പ്രളയക്കെടുതിയിലാണ്ടു പോയ് കേരളം

**മുഹ്സിന. ടി**



## ജി.എച്ച്.എസ്. വാടാനാംകുറുശ്ശിയിലെ

രഹ്ന ടീച്ചറുടെ ചിത്രരചനകൾ





# ഫിബ്രുവരി -28

**ആഴക്കടലിന്റെ നീല നിറത്തിനു**

**കാരണം കണ്ടെത്തി സി.വി.രാമൻ**

**നീല, വയലറ്റ് രശ്മികൾ തന്നിലേ**

**വിസരണമാണിതിൻ മുഖ്യഹേതു**

**ഒരു കപ്പൽ യാത്രയിൽ തോന്നിയ കൗതുകം**



**വലിയൊരു സംഭവമായ് ഭവിച്ചു**

**പ്രകാശകണങ്ങൾക്കു ദ്രാവകത്തിനുള്ളിൽ**

**വ്യതിയാനമുണ്ടെന്നും കണ്ടുവ ല്ലോ**

**രാമൻ പ്രഭാവമെന്നോതുന്നു ലോകരും**

**ശാസ്ത്ര നോബേൽ സമ്മാനവും തേടിയെത്തി**

**ഭാരതീയർക്കഭിമാനമായന്നല്ലോ**

**ദേശീയ ശാസ്ത്രദിനം പിറന്നു**

**അഭിനവ ശാസ്ത്രജ്ഞർ മാതൃകയാക്കണം**

**രാമന്റെ വിജ്ഞാന തൃഷ്ണയെന്നും**

**ഡോ. എസ്. ജയ**

ഭൗതിക ശാസ്ത്ര അധ്യാപിക

ജി.എച്ച്.എസ്.വാടാനാംകുറുശ്ശി

# മുറിവ്

**ക്ലാസിലിന്നലെ തൊപ്പിയണിഞ്ഞൊരാൾ-**
**മാറ്റി വയ്ക്കുവാൻ ചൊല്ലുന്നു ഞാനും**
**ചന്ദനക്കുറി, പർദ്ദ രാഖികൾ അണിവതൊക്കെയും മാറ്റുമോ ടീച്ചറേ?**
**നെഞ്ചിലേക്കൊരു ചാട്ടുളി വീണതിൻ**
**നീറ്റലിപ്പൊഴും മായാതെ നിൽക്കവേ**
**പത്രവാർത്തകൾ കണ്ണിൽ നിറയുന്നു**
**'മതാന്ധത തീണ്ടി ഒറീസ യെരിയുന്നു'**
**ഭീകരാക്രമണകാരണങ്ങളാൽ**
**കത്തിയെരിയുന്ന ബോംബെയും**
**എത്ര ബാല്യങ്ങൾ എത്രയൗവനം**
**കത്തിയമർന്നതീ ക്രൗര്യ ബുദ്ധിയിൽ**
**രാഷ്ട്ര ചേതന കാത്തു സൂക്ഷിക്കുവാൻ**
**ആത്മധൈര്യകവചമണിഞ്ഞ**
**സിംഹപുത്രരും എരിഞ്ഞമർന്നല്ലോ**



**ഗാസ അസം ഇസ്രായേൽ പലസ്തീൻ**
**എല്ലായിടങ്ങളും യുദ്ധക്കളങ്ങളാം**
**എൻ മുന്നിലിരിക്കുന്ന കുഞ്ഞിൽ**
**വിശ്വമാനവ ചിത്രം നിറയ്ക്കുവാൻ**
**ഏതു പോംവഴി തേടിടേണ്ടു ഞാൻ**

നിർമ്മല.ഡി.പി.

മലയാളം സീനിയർഅധ്യാപിക

# വാടാനാംകുറുശ്ശി ഗ്രാമം




പാലക്കാടിന്റെ മനോഹാരിത വിളിച്ചോതുന്ന പച്ചപ്പാർന്ന നെൽപ്പാടങ്ങളാൽ ചുറ്റപ്പെട്ട വിദ്യാലയം.വാടാനാംകുറുശ്ശി ഗ്രാമത്തിലേക്ക് കടക്കുമ്പോൾ നമ്മുടെ ശ്രദ്ധ ആകർഷിക്കുന്ന നിരവധി മേഖലകൾ കാണാം. അതിൽ എടുത്തു പറയേണ്ട ഒന്നാണ് വാടാനാംകുറുശ്ശി റെയിൽവേ സ്റ്റേഷൻ. ഷൊർണ്ണൂർ – നിലമ്പൂർ റെയിൽപ്പാതയിൽ വരുന്നതാണ് ഈ സ്റ്റേഷൻ. പാലക്കാട് പട്ടാമ്പി സ്റ്റേറ്റ് ഹൈവേയും വാടാനാംകുറുശ്ശിയിലൂടെ കടന്നു പോകുന്നു. ആരഭി എന്ന വലിയ ഗ്രാമീണ വായനശാല അക്ഷര ലോകത്തേക്ക് ഈ നാടിനെ കൈ പിടിച്ചു നടത്തുന്നു.പതിറ്റാണ്ടുകൾക്കു മുൻപ് ആരംഭിച്ച ഈ വായനശാല വാടാനാംകുറുശ്ശിയുടേയും സമീപപ്രദേശങ്ങളുടേയും ജനങ്ങളുടെ ജീവിതത്തെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്. കളിമൺപാത്ര നിർമ്മാണ്ണം ഈ മേഖലയിലെ പ്രധാന കൈത്തൊഴിലുകളിൽ ഒന്നാണ്. ചെറുതും വലുതുമായ കാർഷിക ഉപകരണങ്ങളുടെ നിർമ്മാണ യൂണിറ്റുകളും വാടാനാംകുറുശ്ശിയിലുണ്ട്. കാർഷികവൃത്തിയിലധിഷ്ഠിതമായ ജീവിതം നയിക്കുന്ന വലിയൊരു കർഷക സമൂഹവും ഈ നാടിന് സ്വന്തം. ഇവർ നാടിന്റെ തനിമ നിലനിർത്തുന്നു.അതുപോലെ കർഷകത്തൊഴിലാളികൾ ധാരാളമുള്ള ഒരു മേഖല കൂടിയാണ് വാടാനാംകുറുശ്ശി. ഈ നാടിന്റെ കലാ-കായിക-സാംസ്കാരിക മുന്നേറ്റത്തിനുതകുന്ന പ്രവർത്തനങ്ങൾ നടത്തുന്ന ഒട്ടേറെ ക്ലബ്ബുകളും ഇവിടെയുണ്ട്.പുരാതനമായ ക്ഷേത്രങ്ങൾ ധാരാളമുള്ള ഈ നാട്ടിൽ ചെറുതും വലുതുമായ നിരവധി ഉത്സവങ്ങൾ നടന്നു വരുന്നു. പതിറ്റാണ്ടുകൾ മുൻപേ തന്നെ തപാൽ ഓഫീസ് ഈ നാട്ടിൽ ആരംഭിച്ചിരുന്നു.

പാലക്കാട് ജില്ലയിലെ ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വാടാനാം കുറുശ്ശി ദേശത്തിന് തനതായ ചരിത്രമുണ്ട്. വാടാനാംകുറുശ്ശിയുടെ യഥാർത്ഥ പേര് വട്ടവാമനാംകുറുശ്ശി എന്നാണ്. വട്ടവാമനാംകുറുശ്ശി എന്ന പേര് ലോപിച്ചാണ് വാടാനാംകുറുശ്ശി എന്ന നാമം ഉണ്ടായത്. 1912 ൽ ആരംഭിച്ച LP


സ്കൂൾ .ദേശമംഗലം മനയിലെ ആശ്രിതരുടെ മക്കളുടെ പഠനത്തിനായാണ് തുടങ്ങിയത്.1936 ൽ ഇത് ESSLC എന്ന ഉയർന്ന ക്ലാസ്സുകളുള്ള പഠന നിലവാരത്തിലേക്ക് ഉയർന്നു വന്നു. തുടക്കത്തിൽ ഒരു കെട്ടിടം മാത്രമായിരുന്നു ഉണ്ടായിരുന്നത്. ESSLC വന്നതോടെ 3 കെട്ടിടമായി ഉയർന്നു.1958 ൽ മലബാർ ബോർഡ് ഏറ്റെടുത്ത് ഹൈസ്കൂളായി ഉയർത്തി. ബോർഡ് ഏറ്റെടുക്കുമ്പോൾ വില വാങ്ങാതെ വെറുതെ നൽകാനായിരുന്നു ദേശമംഗലം മനക്കാർ ഇഷ്ടപ്പെട്ടിരുന്നത്. എന്നാൽ ബോർഡിന്റെ നിർബന്ധപ്രകാരം ഒരു രൂപ വിലക്ക് രണ്ടേമുക്കാൽ ഏക്കറോളം സ്ഥലവും കെട്ടിടങ്ങളും മനവകയായി കൊടുക്കുകയാണുണ്ടായത്. മലബാർ ബോർഡ് ഏറ്റെടുത്ത് ഹൈസ്കൂൾ ആക്കി ഉയർത്തുമ്പോൾ കുട്ടികൾക്ക് കളിക്കാൻ കളിസ്ഥലം ഉണ്ടെങ്കിൽ മാത്രമേ അതിന് സാധിക്കുകയുള്ളൂ എന്നു വന്നു. അങ്ങനെ ഏതാണ്ട് ഒന്നര ഏക്കറോളം കളിസ്ഥലം സ്കൂളിന് അല്പം നീങ്ങി ലഭിച്ചു. വാടാനാംകുറുശ്ശിയിൽ ഒരു ഹൈസ്കൂൾ ഉണ്ടായി കാണണം എന്നത് സ്കൂളിന് സ്ഥലം അനുവദിച്ച വലിയ നാരായണൻ നമ്പൂതിരിയുടെ ജ്യേഷ്ഠൻ നീലകണ്ഠൻ നമ്പൂതിരി വളരെയധികം ആഗ്രഹിച്ചിരുന്നു. അതിനായി അദ്ദേഹം നല്ലതുപോലെ പരിശ്രമിച്ചിട്ടുണ്ട്. വലിയ നാരായണൻ നമ്പൂതിരി സ്കൂളിൽ അധ്യാപകനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്,ബോർഡ് ഏറ്റെടുത്ത കാലത്ത് സ്കൂളിലെ വിജയശതമാനം ഉയർന്ന നിലവാരമുള്ളതായിരുന്നു. പിന്നീട് 1980 കളിൽ നിലവാരം കുറഞ്ഞു വന്നു. 2010 കാലയളവിൽ കൂടി വരികയും ചെയ്തു.വാടാനാംകുറുശ്ശി സ്കൂളിൽ നിന്ന് പഠനം പൂർത്തിയാക്കി ഇതേ പ്രദേശത്ത് തന്നെ പാരമ്പര്യ വൈദ്യം നടത്തി വന്ന പ്രഗത്ഭരാണ് കരിപ്പോട്ടിൽ കരുണാകരൻ വൈദ്യർ, പ്രഭാകരൻ വൈദ്യർ എന്നിവരൊക്കെ. വൈദ്യശാല ഇന്നും നടത്തിപ്പോരുന്നു. സാഹിത്യ രംഗത്ത് പ്രഗത്ഭരായ ശ്രീ ഷൊർണ്ണൂർ കാർത്തികേയൻ വാടാനാംകുറുശ്ശി സ്കൂളിൽ നിന്നാണ് അറിവിന്റെ ആദ്യപാഠം കുറിച്ചത്. പ്രശസ്ത കവി ശ്രീ.ചെറുകാട് മാഷ് വാടാ നാംകുറുശ്ശിയിലെ മലയാളം അധ്യാപകനായിരുന്നു. സ്കൂൾ പഠനത്തിനുശേഷംഇതേ സ്കൂളിൽ അധ്യാപകനായി ആദ്യം എത്തിയത് വലിയവീട്ടിൽ നമ്പ്യാർ മാസ്റ്ററായിരുന്നു. തുടർന്ന് സേവന കാലം മുഴുവൻ ഇതേ സ്കൂളിൽ ജോലി ചെയ്തു. ഇതു പോലെ ഈ സ്കൂളിൽ പഠിച്ച് ഇതേ സ്കൂളിൽ അധ്യാപനം നടത്തി വിരമിച്ചവരാണ് അച്യുതവാരിയർ മാസ്റ്റർ, ടി.എം. പത്മാവതി ടീച്ചർ, ഭർത്താവ് കുട്ടൻ നായർ മാസ്റ്റർ, രുഗ്മിണി ടീച്ചർ, നാരായണൻ മാസ്റ്റർ, കോയിച്ചിറ നാരായണൻ മാസ്റ്റർ, ദാക്ഷായണി ടീച്ചർ, വേണുഗോപാലൻ മാസ്റ്റർ, മനോരമ ടീച്ചർ, ഉണ്ണികൃഷ്ണൻ മാസ്റ്റർ, സുലോചന ടീച്ചർ തുടങ്ങിയ പലരും. ഇപ്പോഴും ഇത്തരത്തിൽ സേവനമനുഷ്ഠിക്കുന്ന അധ്യാപകർ വാടാനാം കുറുശ്ശി സ്കൂളിലുണ്ട് .പ്രഗത്ഭ ഡോക്ടർമാരായ ഡോ.രാമകൃഷ്ണൻ, ഡോ.വത്സല, ഡോ.രാമനുണ്ണി (Late), ഡോ. വേണുഗോപാലൻ,

ഡോ.സുലോചന, എന്നിവർ എടുത്തു പറയേണ്ടവരാണ്. ഡെപ്യൂട്ടി കലക്ടറായി സേവനമനുഷ്ഠിച്ച വാസുദേവൻ വാടാനാം കുറുശ്ശിയിൽ അക്ഷരാഭ്യാസം നേടിയ മഹാനാണ്.അതു പോലെ എടുത്തു പറയേണ്ട ഒരാളാണ് കളക്ടറായി സേവനമനുഷ്ഠിച്ച പി.എം. കുഞ്ഞാമൻ. എണ്ണിയെടുക്കാൻ പറ്റാത്തിടത്തോളം മഹാപ്രഗത്ഭർ ഇനിയും ഒട്ടനവധി.

## സ്കൂൾ ഒറ്റനോട്ടത്തിൽ























# പ്രവർത്തനങ്ങൾ



**ഹലോ ഇംഗ്ലീഷ് ..... യു .പി തലത്തിൽ നടപ്പാക്കി വരുന്ന ഹലോ ഇംഗ്ലീഷ് പദ്ധതി നല്ല രീതിയിൽ സ്കൂളിൽ നടപ്പാക്കി വരുന്നു. സ്മാർട്ട് ക്ലാസ്സുകൾ പ്രയോജനപ്പെടുത്തിയുള്ള പരിശീലനവും നടത്തി വരുന്നുണ്ട് .കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷ സ്വായത്തമാക്കുന്നതിനുള്ള എളുപ്പവഴികൾ മനസ്സിലാക്കി കൊടുത്ത് ഭാഷയോടുള്ള താത്പര്യം വർധിപ്പിക്കുവാൻ ഇതുവഴി കഴിഞ്ഞിട്ടുണ്ട്.വിവിധ ക്ലബ്ബുകൾ .... വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ ചിട്ടയായ രീതിയിൽ നടന്നുവരുന്നു. ഇംഗ്ലീഷ് ക്ലബ്, അറബിക് ക്ലബ്, പരിസ്ഥിതി ക്ലബ് ,ഹെൽത്ത് ക്ലബ്, വിദ്യാരംഗം, സയൻസ് ക്ലബ്, സോഷ്യൽ ക്ലബ് തുടങ്ങിയവ നല്ല രീതിയിൽ പ്രവർത്തിക്കുന്നു.**

**മലയാള തിളക്കം........ കുട്ടികളുടെ മലയാള ഭാഷാ പ്രാവീണ്യം മെച്ചപ്പെടുത്തുവാൻ യു.പി തലത്തിൽ മലയാള തിളക്കം നടപ്പാക്കി വരുന്നു.മലയാള അക്ഷരങ്ങൾ കുട്ടികൾക്ക് ഹൃദിസ്ഥമാക്കുക, മലയാള ഭാഷാശൈലി പരിചയപ്പെടുത്തുക, മലയാള ഭാഷയെ കുട്ടികളുടെ മനസ്സിൽ ഊട്ടിയുറപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് പ്രവർത്തനം നടക്കുന്നത്.**



**ശ്രദ്ധ.........** വിവിധ ഭാഷകളിലും വിഷയങ്ങളിലും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം ന ൽകുന്ന പരിപാടിയായ സ്കൂളിൽ വളരെ കാര്യക്ഷമമായി നടപ്പാക്കി വരുന്നു. അധ്യാപകരുടെ തുടർച്ചയായ മേൽനോട്ടത്തിൽ കുട്ടികളെ ഗ്രൂപ്പ് തിരിച്ച് പരിശീലനം നൽകുന്നു.

















## പ്രവർത്തനങ്ങൾ

**വിവിധ ക്ലബ്ബുകൾ .... വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ ചിട്ടയായ**





**രീതിയിൽ നടന്നുവരുന്നു. ഇംഗ്ലീഷ് ക്ലബ്, അറബിക് ക്ലബ്, പരിസ്ഥിതി ക്ലബ് ,ഹെൽത്ത് ക്ലബ്, വിദ്യാരംഗം, സയൻസ് ക്ലബ്, സോഷ്യൽ ക്ലബ് തുടങ്ങിയവ നല്ല രീതിയിൽ പ്രവർത്തിക്കുന്നു.**

**ഹൈസ്കൂൾ തലത്തിൽ നിരവധിയായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. എട്ടാം ക്ലാസിലെ കുട്ടികളുടെ അക്കാദമിക മികവ് വർധിപ്പിക്കുന്നതിന് ശ്രദ്ധ എന്ന പരിശീലന പരിപാടി കൃത്യമായ ആസൂത്രണത്തോടെ നടപ്പാക്കി വരുന്നു. ഒൻപതാം ക്ലാസ്സിലെ കട്ടി കുട്ടികളുടെ അക്കാദമിക മികവ് വർധിപ്പിക്കുന്നതിനായി നവ പ്രഭ എന്ന പരിശീലന പരിപാടി നടപ്പാക്കി വരുന്നു.പത്താം തരത്തിൽ പഠിക്കുന്ന കുട്ടികൾക്കായി രാവിലെയും വൈകിട്ടും പ്രത്യേക പരിശീലനം നടന്നു വരുന്നു'.**

















പഴമയുടെ പെരുമയുമായി നിൽക്കുന്ന സ്കൂളിൽ വൈവിധ്യപൂർവ്വമായ ഒട്ടേറെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. സ്കൂളിന്റെ സാമൂഹ്യ പ്രതിബദ്ധതയും അർപ്പണ മനോഭാവവും ഇത്തരം പ്രവർത്തികളിൽ പ്രകടമാണ്





**അനുമോദനങ്ങളോടെ.......** വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച വിദ്യാർത്ഥികൾക്കും പൂർവ്വ വിദ്യാർത്ഥികൾക്കും സ്കൂളിൽ സംഘടിപ്പിച്ച ചടങ്ങുകളിൽ വെച്ച് പുരസ്കാ ങ്ങൾ വിതരണം ചെയ്തു.

**കാരുണ്യസ്പർശം....** അവയവ മാറ്റ ശസ്ത്രക്രിയക്ക് ഉൾപ്പെടെ വിവിധ ആവശ്യങ്ങൾക്കായി സഹായ അഭ്യർത്ഥനയുമായി സ്കൂളിനെ സമീപിച്ചവർക്ക് കരുതലിന്റെ സ്നേഹഹസ്തം നീട്ടി സ്കൂൾ അവർക്കൊപ്പം നിലകൊണ്ടു.അതിനായി കുട്ടികളും, അധ്യാപകരും ആത്മാർത്ഥമായ പ്രവർത്തനങ്ങളാണ് നടത്തിയത്.



## ബോധവത്ക്കരണ ക്ലാസ്സുകൾ ......





**സ്കൂൾ ഹൈടെക്ക് പ്രവർത്തനം..................** അധ്യാപകരുടേയും പി.ടി.എ.യുടേയും സംയുക്ത പരിശ്രമഫലമായി സ്കൂൾ ഹൈടെക്ക് നവീകരണ പ്രവർത്തനങ്ങൾ നടന്നു. 2 ലക്ഷത്തോളം രൂപ പിരിച്ചെടുത്ത് സ്കൂളിലെ 19 ക്ലാസ്സ് റൂമുകൾ നവീകരിക്കുവാൻ അധ്യാപകർ മുൻകൈ എടുത്തു എന്നത് എടുത്തു പറയേണ്ടതാണ്.




ഭാരവാഹികൾ

വാടാനാംകുറിശ്ശി സ്കൂളിന് അധ്യാപകരുടെ സംഭാവന

ക്ഷേത്രോത്സവം



# Oh What A Mysterious Life

When I love all my hopes

They say “Have confidence”

When I have confidence

They say “ Don't be over confident”

When I am sad

They say “take it easy”

When I take easy

They say “Be serious”

When I take rest

They say “Don't waste your time”

When I score less

They say”that is not enough”

All the I say is the world

Is shadow of mystery

Fathima Nehrin

IX B



വായനാദിന അസംബ്ലി

പരിസ്ഥിതിദിനാചരണം





അവാർഡ് വിതരണം



ക്ലബ് ഉദ്ഘാടനം







ലിറ്റിൽ കൈറ്റ്സ് പരിശീലനം

പരിസ്ഥിതിദിനാചരണം

പച്ചക്കറി വിത്ത് വിതരണം




അനുമോദന പോസ്റ്റർ





സ്വാതന്ത്ര്യ ദിനാഘോഷം







കർക്കിടക സദ്യ തയ്യാറാക്കൽ

അധ്യാപക പരിശീലനം



യുദ്ധവിരുദ്ധ റാലി





മികവുത്സവം

ചെണ്ടമേളം അരങ്ങേറ്റം

കരാട്ടെ പരിശീലനം



# ലിറ്റിൽകൈറ്റ്സ്





കുട്ടികളിൽ ഐ.ടി ആധുനിക സാങ്കേതിക വിദ്യയോട് താത്പര്യം ജനിപ്പിക്കുക, വിവിധ സോഫ്റ്റ് വെയറുകൾ ഉപയോഗിച്ച് പരിശീലനം നൽകുക, റോബോട്ടിക്സ്, ഇലക്ട്രോണിക്സ്, ആനിമേഷൻ, മലയാളം ടൈപ്പിംഗ് തുടങ്ങിയവയിൽ പ്രാവീണ്യമുള്ളവരാക്കുക എന്നിവയാണ് ലിറ്റിൽ കൈറ്റ്സിന്റെ ഉദ്ദേശലക്ഷ്യങ്ങൾ










# THE WATER OF LIFE

A king had three sons. Once when he fells ill,the sons were anxious to cure him. An old man advised them ,”search for water of life....it will cure the ailment”..The sons set out in search of water. On their way they met a dwarf. Where are you going? asked the dwarf. The first two princes went away without answering him. But the youngest prince told the dwarf that they were searching for the water of life. The dwarf instructed him,”strike.....,open the door of the castle with this magic wand. But beware of your brothers or they shall harm you”.The prince did as he was told and found the cup of water .The prince met his brothers and told them about the water of life. They came across a kingdom plaghed with war and famine. The prince warred his magic band and peace returned to the kingdom at once. The brothers were jealous and at night,when the prince fell asleep,they exchanged the water with some sea water. Then they took the water of life to their father and his condition improved. They also influenced him to believe that the youngest prince had planned to kill him. He was thrown out of the country. One day the people of peaceful kingdom came searching for the prince to thank him. When the king heard the truth,he wept for his mistake. He sent out armies to search for his son and soon was reunited. He banished the elder brothers.

Fathima Nehrin.P
IX B

## എൻ സി സി യൂണിറ്റ്









## ഗ്രന്ഥശാല





നോവൽ, ചെറുകഥ, ബാലസാഹിത്യം, ശാസ്ത്രം, ശാസ്ത്രസാഹിത്യം, അറബിക് സാഹിത്യം, മാസികകൾ തുടങ്ങി നാലായിരത്തിലധികം വ്യത്യസ്തങ്ങളായ പുസ്തകങ്ങൾ. വിവിധ സാഹിത്യരൂപങ്ങൾ പ്രദർശിപ്പിച്ച ഷെൽഫുകൾ ലൈബ്രറി കാർഡ്, ഇഷ്യൂ റെജിസ്റ്റർ, ക്ലാസ്സ് രജിസ്റ്റർ, പ്രത്യേക ലൈബ്രറി പിരിയഡ് ,വായനാ ബെഞ്ച്, വിദ്യാരംഗം മാസിക, വിവിധ ഭാഷാ പത്രങ്ങൾ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, ബാലരമ, ക്ലാസ്സ് ലൈബ്രേറിയൻ സേവനം എന്നിവ പ്രധാനപെട്ട പ്രവർത്തനങ്ങളിൽ പെടുന്നു..ലൈബ്രറിയിൽ ഇരുന്നു വായിക്കുന്നതിന് പ്രത്യേകം ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.സ്കൂളിലെ സീനിയർ മലയാളം അധ്യാപികയായ ഡി.പി നിർമ്മല ടീച്ചർക്കാണ് ലൈബ്രറിയുടെ ചുമതല നൽകിയിരിക്കുന്നത്.

## ജൂനിയർ റെഡ് ക്രോസ്









# സത്യമാണ് അമ്മ

അമ്മ തൻ വാകെന്ന സത്യം
അമ്മ തൻ വാക്കിലതുണ്ട സത്യം
അമ്മ തൻ ഉണ്ണിയെത്താരാട്ടു വാനമ്മ
വാവാവോ പാടിയുറക്കും അമ്മ
ഭൂമിതൻ സംഗീതമാണമ്മ
പൂക്കളിൽ നിറയുന്ന ഗന്ധമമ്മ
നദികളിൽ ഒഴുകുന്ന ശബ്ദമമ്മ
ഒരു കുഞ്ഞു കാറ്റായി തഴുകുമമ്മ
അമ്മ തൻ ആദ്യാക്ഷരമല്ലോ
അമ്മ തൻ വാക്കുകളാണു സത്യം
നദികളിൽ നിറയുന്ന ജലധാര അമ്മ
അമ്മ തൻ വാകെന്ന സത്യം

വിസ്മയ എൻ.പി. 10 D



# എന്റെ ബാല്യകാലം

ഒരു കാലമുണ്ടെനിക്കൊരു കാലമുണ്ടെനി -
ക്കോർമകളടുക്കുന്ന ബാല്യകാലം

അമ്മതൻ കൈകളിൽ കൈ
കോർത്തു പിടിച്ചെന്നെ പിച്ച വയ്ക്കാൻ
പഠിപ്പിച്ച കാലം

കൈ നിറയെ മടി നിറയെ മധുരം തുളുമ്പുന്ന
തേൻ നീരുറവകൾ ഒഴുകിടുമ്പോൾ
വിദ്യതൻ അക്ഷരച്ചെപ്പുകൾ എൻ മുൻപിൽ
വെച്ചു നീട്ടിതന്ന കൊച്ചു ബാല്യം

ഒരു കാലമുണ്ടെനിക്കൊരു കാലമുണ്ടെനി -
ക്കോർത്തിരിക്കാനായി എൻ ബാല്യകാലം

ഭദ്ര. പി 8B



## മൂടി കെട്ടിയ ആകാശം

മൂടി കെട്ടിയ ആകാശം
പറവകളുള്ള ആകാശം
മനോഹരമായ ആകാശം
നീല നിറമുള്ള ആകാശം
മൂടി കെട്ടിയ ആകാശം
മൂടി കെട്ടിയ ആകാശം
മേഘങ്ങളുള്ള ആകാശം
മഴ വർഷിക്കും ആകാശം
നക്ഷത്രങ്ങളുള്ള ആകാശം
സൂര്യനും ചന്ദ്രനും എല്ലാമുള്ള
മനോഹരമാം ആകാശം
മൂടി കെട്ടിയ ആകാശം

ഫാത്തിമ നഷൈഫ .സി 9 F

# സമയമില്ലാ...... സഞ്ചാരം

ഒറ്റയ്ക്കിരുന്ന് മന്ദഹാസം തൂകുമീ
ചേട്ടനും ചേച്ചിയുമിന്ന്

ഫേസ് ബുക്കിൽ ചാറ്റിങ്ങും,
പോസ്റ്റിങ്ങും
ലൈക്കിങ്ങുമായി തന്നെ!
പുസ്തകം കൊണ്ടായിരം
കഥകൾ പറയുമീ അച്ഛനും
അമ്മയുമിന്ന്
സമയമില്ലാ........ സഞ്ചാരം
എന്ന് പറഞ്ഞൊരു യാത്ര......!



അയ്യോ! പാവമീ ഞാനിന്ന് പുസ്തകം
കൊണ്ടൊരു യാത്രാ .....!

**തസ്ലിമ നസ്റിൻ.കെ.എ. 8 B**

# MY LOVING MOTHER



My Loving Mother

I Love  her with all my might

She is a symbol of eternal love and

Kindness,silent and loving

She is a supporting pillar

She is my world

I thank her with all my heart

She is an inspiration

She is the loving gift of God

Thy love is immortal

Beauty and Grace

Through her expressions of faith

She helps calm my fears

She is always my loving mother

Love and life,she is always my guide

My loving mother

I love her with all my might

She is a symbol of eternal love and kindness

**Sandra M......XA**

## അഞ്ജന എം 9 B യുടെ ചിത്രരചനാ പ്രദർശനത്തിൽ നിന്ന്......



# വിദ്യാരംഗം

വിദ്യാരംഗത്തിന്റെ പ്രവർത്തനങ്ങൾ വിദ്യാർത്ഥികളുടെ നൈസർഗികമായ വാസനകളെ പരിപോഷിപ്പിക്കുന്നതിനും കുട്ടികളിൽ വായനാശീലം ആഴപ്പെടുന്നതിനും ഉതകുന്നു. വിദ്യാരംഗം യൂണിറ്റ് ഒട്ടേറെ പ്രവർത്തനങ്ങൾ ചെയ്യുന്നു എന്നത് അഭിമാനകരമായ നേട്ടം തന്നെയാണ്.വിദ്യാർത്ഥികളിൽ സാഹിത്യാഭിരുചി വളർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനുമാണ് വിദ്യാരംഗം സാഹിത്യ വേദി പ്രാധാന്യം കൊടുക്കുന്നത്. വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാനും ആശയങ്ങൾ ചർച്ച ചെയ്യുന്നതിനുമുള്ള അവസരങ്ങൾ ഒരുക്കിക്കൊടുക്കുകയാണ് വിദ്യാരംഗത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.







**ജൂലായ് 5 -ബഷീർ ദിനം** - ബഷീർ എന്ന സാഹിത്യകാരനെ കൃതികളിലൂടെ പരിചയപ്പെടുത്തുന്ന പഠനപ്രവർത്തനങ്ങൾ ക്ലാസ്സ് തലത്തിൽ സംഘടിപ്പിച്ച് മികച്ചവ പ്രദർശനത്തിനൊരുക്കുകയും ചെയ്തു. പാത്തുമ്മയുടെ ആട് എന്ന കൃതിയിലെ ഒരു സന്ദർഭത്തെ വരയിലൂടെ ആവിഷ്കരിച്ച് അവ പ്രദർശിപ്പിച്ചു.ബഷീർ കൃതികളുടെ പ്രദർശനം,ക്വിസ്,നാട കാവതരണം എന്നിവ നടത്തി.

**ജൂൺ 19- വായനാദിനം.**- വായനാദിനത്തോടനുബന്ധിച്ച് സ്കൂൾ അസംബ്ലിയിൽ കവിതാവതരണം നടത്തി. ഓരോ ക്ലാസ്സിലും ലൈബ്രറി തുടങ്ങി. ലൈബ്രേറിയനെ കണ്ടെത്തി .വായിച്ച പുസ്തകങ്ങളെക്കുറിച്ച് പതിപ്പ തയ്യാറാക്കി പ്രകാശനം നടത്തി.

**ചെറുകാട് വയലാർ അനുസ്മരണം-** പ്രശസ്ത കവി വയലാറിനെയും നോവലിസ്റ്റ്, ചെറുകഥാകൃത്ത്, നാടകകൃത്ത് എന്നീ നിലകളിൽ പ്രശസ്തനായ ചെറുകാടിനെയും അനുസ്മരിച്ചു.വാടാനാംകുറിശ്ശിയിലെ മണ്ണുമായി അഭേദ്യ



ബന്ധമുണ്ടായിരുന്ന ചെറുകാടിന്റെ കൃതികൾക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കി സാഹിത്യസദസ്സ് ഒരുക്കി.വയലാർ ഗാനങ്ങളുടെ അവതരണവും ഹൃദ്യമായി .

**ചിങ്ങം ഒന്ന് - കർഷക ദിനം-** കർഷക ദിനത്തോടനുബന്ധിച്ച പഴമകളിലേയ്ക്ക് കൂട്ടിക്കൊണ്ടു പോകുന്ന ഉപകരണങ്ങളുടെ പ്രദർശനം നടത്തി.**ചിത്രപ്രദർശനം-** സ്കൂളിലെ ഒമ്പതാം ക്ലാസ്സ് വിദ്യാർത്ഥിയായ അഞ്ജന എം.പി.യുടെ ചിത്രപ്രദർശനം വിദ്യാരംഗം ക്ലബിന്റെ ആഭിമുഖ്യത്തിൽ നടത്തി. വരകളുടെ വർണ്ണ പ്രപഞ്ചത്തിലേക്ക് കൂട്ടിക്കൊണ്ടുപോയ പ്രദർശനം എം.എൽ.എ.മുഹമ്മദ് മുഹ്സിന്റെ സാന്നിധ്യത്താൽ അനുഗ്രഹീതമായി.

**കഥകളി ആസ്വാദനക്കളരി-** വിദ്യാരംഗം കലാസാഹിത്യ വേദിയും സ്പിക്ക് മാകിന്റെയും സഹായത്തോടെ കഥകളി എന്ന കലാരൂപത്തെ അടുത്തറിയാൻ അവസരമൊരുക്കി. ആംഗീകാവാ ചീക, ആഹാര്യ, സാത്വിക

ഘടകങ്ങളെ വേർത്തിരിച്ചുള്ള അവതരണക്രമം കുട്ടികളിൽ നവ്യാനുഭവമായി.തുടർന്ന് നളചരിതം കഥകളിയുടെ അവതരണവും നടന്നു.

**നങ്ങ്യാർ കൂത്ത് അവതരണം-** കലാമണ്ഡലം പ്രസന്ന ടീച്ചറും ശിഷ്യരും നങ്ങ്യാർ കൂത്ത് അവതരണം നടത്തി. കംസവധം എന്ന കഥ അവതരണത്തിനു മുന്നോടിയായി മുദ്രകളുടെ പ്രാധാന്യം വ്യക്തമാക്കുന്ന ക്ലാസ്സും നടന്നു.








## സോഷ്യൽ സയൻസ് ക്ലബ്ബ്



വിദ്യാർത്ഥികളുടെ അക്കാദമിക മികവ് വർദ്ധിപ്പിക്കുവാൻ നിരവധിയായ പ്രവർത്തനങ്ങൾ സ്കൂളിൽ നടത്തി വരുന്നു. സോഷ്യൽ സയൻസ് ക്ലബ്ബ്പ്രവർത്തനങ്ങൾ വിദ്യാർത്ഥികളുടെ സാമൂഹ്യബോധം പരിപോഷിപ്പിക്കുന്നതിനും ആഴപ്പെടുന്നതിനും ഉതകുന്നു. സോഷ്യൽ സയൻസ് ക്ലബ്ബ് യൂണിറ്റ് ഒട്ടേറെ പ്രവർത്തനങ്ങൾ ചെയ്യുന്നു എന്നത് അഭിമാനകരമായ നേട്ടം തന്നെയാണ്





## ***EVERLASTING MEMORIES***



*Like an angel my mother faces*

*filled with empathy*

*she cares and shares my sorrows*

*consoles me by saying*

*"THIS IS LIFE"*

*She comes in my dreams*

*Takes me away from this painful world*

*To the heights of heaven*

*From there amidst the infinite stars*

*Gazing over the lonely ocean*

*Faces which were once in my heart*

*Eluded into world of memories*

*Manjusha teacher*

*GHS VADANAMKURUSSI*



# സയൻസ് ക്ലബ്

കുട്ടികളിൽ ശാസ്ത്ര അവബോധം വളർത്തിയെടുക്കുന്നതിന് ഉതകുന്ന ഒട്ടേറെ പ്രവർത്തനങ്ങൾ സയൻസ് ക്ലബ് നടത്തി വരുന്നു. പരിസ്ഥിതി ദിനാചരണം..... 2018 ലെ പരിസ്ഥിതി ദിനാചരണം വിവിധ പരിപാടികളോടെ നടത്തപ്പെട്ടു. പരിസ്ഥിതി ക്വിസ്, പരിസ്ഥിതി സെമിനാർ, വീഡിയോ പ്രദർശനം, പരിസ്ഥിതി ശുചീകരണം തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നടത്തപ്പെട്ടു.














കുട്ടികളിൽ ശാസ്ത്ര അവബോധം വളർത്തിയെടുക്കുന്നതിന് ഉതകുന്ന ഒട്ടേറെ പ്രവർത്തനങ്ങൾ സയൻസ് ക്ലബ് നടത്തി വരുന്നു. പരിസ്ഥിതി ദിനാചരണം..... 2018 ലെ പരിസ്ഥിതി ദിനാചരണം വിവിധ പരിപാടികളോടെ നടത്തപ്പെട്ടു. പരിസ്ഥിതി ക്വിസ്, പരിസ്ഥിതി സെമിനാർ, വീഡിയോ പ്രദർശനം, പരിസ്ഥിതി ശുചീകരണം തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നടത്തപ്പെട്ടു.


# ഗണിത ക്ലബ്



കണക്കിന്റെ വഴികളിലൂടെയുള്ള യാത്ര രസകരമാക്കുന്നതിന് ഉതകുന്ന ഒട്ടേറെ പ്രവർത്തനങ്ങൾ ഗണിത ക്ലബ് ചെയ്യുന്നു.ഗണിത കോർണർ, ഗണിത ക്വിസ്, പ്രശ്നോത്തരി, ഗണിത മാഗസിൻ, ഗണിത മേളക്ക് കുട്ടികളെ തയ്യാറാക്കൽ തുടങ്ങി നിരവധിയായ പ്രവർത്തനങ്ങൾ ചെയ്തു വരുന്നു.



















**കുട്ടികളിൽ ഗണിതപരമായ കഴിവുകളെ പുഷ്ടിപ്പെടുത്തുക,ചിന്താശേഷി വളർത്തുക, കണക്കിന്റെ സൂത്രവഴികൾ പരിചയപ്പെടുത്തുക, ഈ വിഷയത്തോട് കുട്ടികളിൽ കാണാറുള്ള നിഷേധാത്മക സമീപനം മാറ്റിയെടുക്കുക, മേളകളിൽ കുട്ടികളെ ഒരുക്കിയെടുത്ത് കണക്കിനോട് അഭിരുചി വളർത്തുക,,,,ഇതെല്ലാം ഗണിത ക്ലബ് പ്രവർത്തനങ്ങളിൽ പെടുന്നു**











# പരിസ്ഥിതി ക്ലബ്ബ്

**വാടാനാംകുറുശ്ശി സ്കൂൾ പരിസ്ഥിതി ക്ലബ്ബ് വർഷങ്ങളായി സ്തുത്യർഹമായ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. അനേകം വിദ്യാർത്ഥികൾ പരിസ്ഥിതി സേവകരായി തുടർന്നും പ്രവർത്തിച്ചുവരുന്നത് ക്ലബ്ബ് പ്രവർത്തനങ്ങളുടെ നേട്ടമായി കണക്കാക്കാം. ഇന്നു സ്കൂളിൽ കാണുന്ന മരങ്ങൾ വിവിധ വർഷങ്ങളിൽ ക്ലബ്ബ് പ്രവർത്തകർ നട്ടുപിടിപ്പിച്ചതാണ്. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂളിന്റെ ഒഴിഞ്ഞ ഭാഗങ്ങളിൽ വിവിധ ഇനം പച്ചക്കറികൾ കൃഷി ചെയ്തു വരുന്നു .അതിൽ നിന്നും ലഭിക്കുന്ന പച്ചക്കറികൾ സ്കൂൾ ഭക്ഷണം തയ്യാറാക്കുവാൻ ഉപയോഗിക്കുന്നു..ഗ്രോ ബാഗുകളിലും പച്ചക്കറികൾ നട്ടു വളർത്തുന്നുണ്ട്.**

**<u>ലക്ഷ്യവും പ്രവർത്തനവും</u>**

- **പരിസ്ഥിതിയെ നേരിട്ട് അറിയുക എന്നത് ലക്ഷ്യമിട്ട്......** എല്ലാ വർഷവും ഒക്ടോബർ നവംബർ മാസങ്ങളിൽ പരിസ്ഥിതി ക്യാമ്പുകൾ സംഘടിപ്പിക്കാറുണ്ട്.കേരളത്തിലെ ഏതെങ്കിലും വന്യജീവി സങ്കേതത്തിലാണ് ക്യാംമ്പ് സംഘടിപ്പിക്കുന്നത്. ബന്ധപ്പെട്ട ഫോറസ്റ്റ് ഓഫീസറുടെ അനുമതി നേടിയ ശേഷം പരിസ്ഥിതി ക്ലബിലെ തെരെഞ്ഞെടുക്കപ്പെടുന്ന 30 അംഗങ്ങളും അധ്യാപകരും 3 ദിവസം അവിടെ തങ്ങി പരിസ്ഥിതിയെ അടുത്തറിയുന്നു.വനത്തിലൂടെയുള്ള യാത്ര ഒരു നവ്യാനുഭവം നൽകുന്നു.




- **പരിസ്ഥിതി മലിനീകരണം തടയൽ, പുഴ സംരക്ഷണം എന്നിവ ലക്ഷ്യമിട്ട് .......** എല്ലാ വർഷവും പരിസ്ഥിതി ക്ലബിന്റെ ആഭിമുഖ്യത്തിൽ ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷനോടു ചേർന്നുള്ള ഭാരതപ്പുഴയുടെ തീരങ്ങളിൽ കുട്ടികളുടെ നേതൃത്വത്തിൽ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനം നടത്തുന്നു. .
- **നടീൽ ഉത്സവവും ,കൊയ്ത്തുത്സവവും നാടിന്റെ പഴമയും തനിമയും അറിയുവാൻ കുട്ടികളെ സഹായിക്കുന്നു.........**സ്കൂളിനു സമീപമുള്ള 2 ഏക്കർ പാടം പാട്ടത്തിനെടുത്ത് ജൈവകൃഷി നടത്തി വരുന്നു.യാതൊരു കീടനാശിനിയും, രാസവളങ്ങളും ഉപയോഗിക്കാതെ പൂർണ്ണമായും ജൈവ വളങ്ങളെ മാത്രം ആശ്രയിച്ചുള്ള കൃഷിരീതിയാണ് ഇവിടെ അവലംബിക്കുന്നത്.മായം കലർന്നതും കീടനാശിനികൾ ചേർന്നതുമായ ഭക്ഷണം നമ്മുടെ ആരോഗ്യം നശിപ്പിക്കുന്ന ഈ കാലത്ത്ജൈവകൃഷിയിലൂടെ



ആരോഗ്യം വീണ്ടെടുക്കാം എന്ന അവബോധം കുട്ടികൾക്ക് ലഭിക്കുന്നു.





- **ഔഷധ സസ്യങ്ങൾ ശരീരപുഷ്ടി ക്ക്** ..... എല്ലാ വർഷവും പരിസ്ഥിതി ക്ലബിന്റെ നേതൃത്വത്തിൽ കർക്കിടക മാസത്തിൽ പത്തിലക്കറി തയ്യാറാക്കി കുട്ടികൾക്ക് നൽകുന്നു.ഔഷധ സസ്യങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുവാൻ കുട്ടികളെ സഹായിക്കുന്നു.
- **ഔഷധ സസ്യ പ്രദർശനം, ഔഷധത്തോട്ട പരിപാലനം** .... ഔഷധ സസ്യങ്ങളുടെ പ്രാധാന്യം കുട്ടികളെ ബോധ്യപ്പെടുത്തുന്നതിനായി പരിസ്ഥിതി ക്ലബിന്റെ ആഭിമുഖ്യത്തിൽ എല്ലാവർഷവും ഔഷധസസ്യ പ്രദർശനം സ്കൂളിൽ സംഘടിപ്പിക്കുന്നു. വിവിധ ഔഷധ സസ്യങ്ങളും അവയുടെ ശാസ്ത്രീയ നാമങ്ങളും കുട്ടികളെ പരിചയപ്പെടുത്തുന്നു .പരിസ്ഥിതി ക്ലബിന്റെ ആഭിമുഖ്യത്തിൽ വിവിധയിനം ഔഷധ സസ്യങ്ങൾ വിതരണം ചെയ്യുന്നു.ഇതിനു പുറമേ സ്കൂളിൽ ഒരു ഔഷധതോട്ടം പരിപാലിച്ചു വരുന്നു.



- **പരിസ്ഥിതി ദിനാചരണം** ....... ലോക പരിസ്ഥിതി ദിനത്തിൽ പരിസ്ഥിതി ക്ലബ് നിരവധി പ്രവർത്തനങ്ങൾ നടത്തി വരുന്നു. പരിസ്ഥിതി ക്വിസ്, പരിസ്ഥിതി സെമിനാർ, പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ, പരിസ്ഥിതിപോസ്റ്റർ നിർമ്മാണം, പരിസ്ഥിതി ബോധവൽക്കരണം തുടങ്ങിയ വിവിധങ്ങളായ പ്രവർത്തനങ്ങൾ ചെയ്തു വരുന്നു.
- **സ്കൂൾ സൗന്ദര്യവത്ക്കരണം** ........ വിവിധ ഇനം ഇലച്ചെടികൾ ചട്ടികളിൽ വെച്ചുപിടിപ്പിച്ച് സ്കൂൾ സൗന്ദര്യവത്ക്കരണത്തിന് നേതൃത്വം നൽകുന്നു. സസ്യ പരിപാലനം എന്നതിലേക്ക് ഇത് കുട്ടികളെ കൂടുതൽ അടുപ്പിക്കുന്നു.

# ആർട്സ് ക്ലബ്ബ്





കുട്ടികളിലെ കലാവാസനകളെ ഉദാത്തമാക്കുന്നതിൽ ആർട്സ് ക്ലബിന് പ്രമുഖ സ്ഥാനമുണ്ട്. വിവിധ ഇനം കലാരൂപങ്ങളുടെ ഈറ്റില്ലമായ കേരളത്തിൽ ആർട്സ് ക്ലബിന് സ്കൂളിൽ പ്രമുഖ സ്ഥാനമുണ്ട്. കുട്ടികളിലെ കലാഅഭിരുചികളെ കണ്ടെത്തി അവയെ പരിപോഷിപ്പിക്കുകയാണ് ആർട്സ് ക്ലബിന്റെ ചുമതല.

പ്രവർത്തനങ്ങൾ ..... സ്കൂൾ തലസാഹിത്യ-കലാ-ചിത്രരചനാ - സംഗീത മത്സരങ്ങൾ സംഘടിപ്പിച്ച് വിജയികളെ കണ്ടെത്തുന്നു .യുവജനോത്സവത്തിൽ മികവ് നേടാൻ പരിശീലനം നൽകുന്നു. ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ സ്കൂളിൽ ചെണ്ടമേളം ട്രൂപ്പ് തുടങ്ങുകയും അരങ്ങേറ്റം കുറിക്കുകയും ചെയ്തു.









# പുസ്തകവിചാരം.........

## യാത്രയിലൂടെ വഴിതേടുന്നവർ

മനുഷ്യന്റെ ആദിമകാലം മുതൽക്കു തന്നെ അവനു കൂട്ടായി യാത്രകളുണ്ട്. യാത്രയിൽ നിന്ന് ആർജ്ജിച്ചെടുക്കുന്ന നവഊർജ്ജത്തെ വർത്തമാനകാല ജീവിതത്തിലേക്ക് ഉൾച്ചേർത്ത് ഭാവിയിലേക്കുള്ള യാത്ര തുടർന്നു കൊണ്ടേയിരിക്കുന്നു. പച്ചയും ചുകപ്പും സിഗ്നലുകൾക്കിടയിൽ സ്റ്റേഷനുകൾക്കിടയിലുള്ള ഇടവേളകളിൽ കുകിപ്പായുന്ന തീവണ്ടിയെ ജീവിത സന്ദർഭങ്ങളുമായി കണ്ണിച്ചേർക്കാനാണ് ഡാനിയൽ പി.ജയിംസ് സമാഹരണം നിർവ്വഹിച്ച ഒരു തീവണ്ടി പുസ്തകത്തിലൂടെ ശ്രമിക്കുന്നത്. കഥ,കവിത,യാത്ര എന്ന വിഭജനത്തിലൂടെ മലയാള സാഹിത്യത്തെ തീവണ്ടി പ്രമേയമായി വരുന്ന കൃതികളുടെ സമാകൃത രൂപമാണ് ഈ കൃതി.

സക്കറിയ,എം.മുകുന്ദൻ, പുനത്തിൽ കുഞ്ഞബ്ദുള്ള, സി.വി ബാലകൃഷ്ണൻ, പി.വത്സല എന്നീ മലയാളത്തിലെ മുൻതലമുറയിൽ നിന്നു തുടങ്ങി സലീം അയ്യനേത്ത്, വി.ജയദേവ്, ദീപ.പി.എം. എന്നീ നവ എഴുത്തുകാർ വരെ നീണ്ടു നിൽക്കുന്ന കഥാകൃത്തുക്കളെ ആദ്യ ഭാഗത്ത് അടയാളപ്പെടുത്തുന്നു. ഒ.എൻ.വി, കെ.ജി ശങ്കരപ്പിള്ള, എ.അയ്യപ്പൻ, പി.രാമൻ എന്നീ കവികളിലൂടെ ഷേർളി സലീം, ശാലിനി സാരംഗ്, മാധവി മേനോൻ എന്നിവരിലേക്ക് കവിതയുടെ വേരുകൾ ആഴ്ന്നിറങ്ങുന്നു. യാത്ര എന്ന മൂന്നാം ഖണ്ഡം ചന്ദ്രമതി, തനൂജ എസ് ഭട്ടതിരി, സജയ് എന്നിവരിലൂടെ ആരംഭിച്ച് ഹരിദാസ് എച്ചാൽ, ഹാരിസ് ടി.കെ, യമുനാ ദൈവത്താൾ എന്നിവരിലെത്തി നിൽക്കുന്നു. അറ്റം കാണാത്ത യാത്രകളുടെ അറ്റം തേടലായി ഓരോ ഭാഗവും പുതിയ ലോകത്ത് സ്ഥാനമുറപ്പിക്കുന്നതായി ഓരോ വായനാനുഭവവും മത്സരിക്കുന്നുണ്ട്.

വഴിയമ്പലത്തിൽ കണ്ടു മുട്ടുന്ന യാത്രക്കാരെപ്പോലെ ഓരോ കമ്പാർട്ടുമെൻറിലും കണ്ടുമുട്ടുന്നവർ തമ്മിലുള്ള ആത്മബന്ധത്തേയും ,വ്യതിരിക്ത വ്യക്തിത്വങ്ങളേയും തീവണ്ടി എന്ന ഒറ്റ ബിന്ദുവിൽ സംയോജിപ്പിക്കാനുള്ള ശ്രമമാണ് ഈ സമാഹാരത്തിന്റേത്. കുകിപ്പായുന്ന തീവണ്ടിയെപ്പോലെ ജീവിതത്തിൽ രണ്ടറ്റങ്ങളും കൂട്ടിമുട്ടിക്കാൻ വ്യഗ്രത കാട്ടുന്ന കഥാപാത്രങ്ങളെക്കൊണ്ട് സമ്പുഷ്ടമാണ് ഈ സമാഹാരത്തിലെ ഓരോ കഥകളും .

ഉഷാദേവി.യു.

മലയാളം അധ്യാപിക

ജി.എച്ച്.എസ് വാടാനാംകുറുശ്ശി

# സ്പോർട്സ് ക്ലബ്ബ്

ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സുണ്ടാകൂ .... ആരോഗ്യമുള്ള മനസ്സുണ്ടെങ്കിലേ പഠനം ഫലപ്രദമാകൂ...





പേമാരിയുടെ നിഴലിൽ നടത്തപ്പെട്ട ഈ വർഷത്തെ സ്വാതന്ത്ര്യദിനാഘോഷം ഏറെ വെല്ലുവിളികൾ നൽകിയെങ്കിലും സമുചിതമായി ആഘോഷിച്ചു. പി.ടി.എ. പ്രസിഡന്റ്, സ്കൂൾ പ്രിൻസിപ്പൾ,എച്ച്.എം,എസ്.എം.സിചെയർമാൻഉടങ്ങിയവർസംബന്ധിച്ചു......
ദേശഭക്തിഗാനാലാപനത്തോടെ ഉടങ്ങിയ പരിപാടി യിൽ പി.ടി.എ പ്രസിഡന്റ് പതാക ഉയർത്തി. ഉടർന്ന് സ്കൂൾ പ്രിൻസിപ്പൽ പാർവ്വതി ടീച്ചർ സന്ദേശം നൽകി. എൻ.സി.സി, ജെ.ആർ.സി കുട്ടികൾ മാർച്ച് പാസ്റ്റിന് നേതൃത്വം നൽകി.



ഹിരോഷിമ, നാഗസാക്കി ദിനാചരണങ്ങൾ സ്കൂളിൽ വിവിധ പരിപാടികളോടെ ആചരിച്ചു.



യുദ്ധവിരുദ്ധ റാലി സംഘടിപ്പിക്കുകയും, ഉടർന്ന് യുദ്ധവിരുദ്ധ പ്രതിജ്ഞ എടുക്കുകയും ചെയ്തു. സ്കൂൾ തലത്തിൽ കൊളാഷ് നിർമ്മാണ മത്സരം സംഘടിപ്പിച്ചു. വിജയികൾക്ക് സമ്മാനം വിതരണം ചെയ്തു. "ലോകസമാധാനം മാനവിക പുരോഗതിക്ക് "

എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു.

2018-19 അക്കാദമിക വർഷത്തെ ക്ലബ് പ്രവർത്തനങ്ങൾ പ്രശസ്ത സോപാന സംഗീതജ്ഞൻ ഉദ്ഘാടനം ചെയ്തു.തന്റെ കലാവാസനകൾ കുട്ടികൾക്ക് മുൻപിൽ തന്മയത്തത്തോടെ അവതരിപ്പിച്ച് ശ്രദ്ധേയനായി എന്നത് പറയാതെ വയ്യ.. "വിദ്യാഭ്യാസ ശാക്തീകരണം ക്ലബ്ബ് പ്രവർത്തനത്തിലൂടെ" എന്ന വിഷയത്തിലധിഷ്ഠിതമായി നടത്തപ്പെട്ട സെമിനാർ ഏവരുടേയും ശ്രദ്ധയാകർഷിച്ചു.







# MY BEST FRIEND

My best Friend

Its my Dad

I can share my all matters to my Dad

As my friend

He is very friendly with me

Sometimes we will fight together

Sometimes we will play together

When I cry he will make me
laugh




He likes to give me surprises

Sometimes he will help me to do my home works

Always he is with me as my Best Friend

Assiya Dilshana.K.P

XA

# MOM

Its Only a three letter

But the greatest creation of God....

And the reflection of WOW

My Mom is my Best teacher,Best friend,Best doctor,

Best lawyer...........

She teaches me that a teacher can't.......

She treat me as a Doctor,when I was ill but not with

medicines,with her care and love

I can share her all as my friend

She stand by my sideand argue for me when

my dad scolds me

More than a mother she handles many roles

in front of me

My mom is the best story teller to me

She had told me many stories when I was small




She had become my best cook by cooking my favourites

If she is with me I don't need alarm,remainder.....

If I fall anywhere in my life she gives me strength

to get up from there

More than a mother she is my all

Navya........ XA

# MOTHER

Memories of Mother

How sweet like a flower

She chatters like a flower

that flow for ever

Her mind is like a metal

But her heart is like a petal

Her words are like thunder

When heard we used to wonder



She acts like a keystone

She cares me a lot

She is the best MOM.........

Sreelakshmi Suresh.......10A

# LIFE......

**Life, a single word**

**combining of four letter**

**Someone says,it was a journey**

**From birth to death**

**It teaches me all lessons**

**like love,friends,parents.........**

**in each lessons I know**

**Each emotions**




**What is Life?**

**It was also a question mark**

**someone says,Life is impossible**

**Only I Know,It was a magic**

**Gift from God to me**

**Hope, a four letter word**

**It guides me to live**

**I am always flowing**

**With the hope of life**

**I want to live in more beautiful**

**But,how?**

**Also,I know,I can't copy**

**Others Life..............**

**Fathima Roufan .M.V..........X A**

# വാർത്തകൾ വായിക്കുന്നത്

മണ്ണൂർക്കരിയിലെ പ്രഭാതം

ഇപ്പോഴും പഴയതുപോലെ

ചായപ്പീടികയിലെ ചരിഞ്ഞ ബെഞ്ചിലിരുന്ന്

എസ്തപ്പാൻ

പത്രം മലർക്കെ തുറന്ന്

ഉറക്കെ വായിക്കും.



ബീഡിപ്പുകയോടൊപ്പം വാർത്തകൾ

സ്വതന്ത്ര മാനസങ്ങളിലെത്തും

വരാന്തയിൽ

വരിവരിയായി കാതുകൂർപ്പിക്കുന്നവർക്ക മുന്നിലൂടെ

ഇരുപുറവും വെന്ത വാർത്തകൾ കൊതിപ്പിക്കും

വള്ളക്കാരെയും വലക്കാരെയും വണ്ടിക്കാരെയും

അവ തേടിച്ചെല്ലും

കാലിച്ചായയ്ക്കോ കലത്തപ്പത്തിനോ തരാൻ കഴിയാത്ത നിർവൃതി

വായനയിലൂടെ

എസ്തപ്പാൻ തരും

പുറംകടലിൽ കാണാതായവരെ

വീടുവിട്ടുപോയവരെ

കടലുണ്ടിയും പെരുമണും മായിച്ച കളഞ്ഞവരെ

വായിച്ച കഴിഞ്ഞു കണ്ടെടുക്കും

എസ്തപ്പാൻ ഉറക്കെ വായിക്കുമ്പോൾ

മണ്ണൂർക്കരയിൽ അച്യുതണ്ടുറപ്പിച്ച് ഭൂമി

ഒരിക്കൽക്കൂടി തിരിയും

വംശനാശം വന്നില്ലെങ്കിൽ

അടുത്ത നൂറ്റാണ്ടിലും

പീടികയിലെ വരാന്തയിലുണ്ടാവുമയാൾ

വായനയ്ക്ക് വെറുതേ കിട്ടിയ ഒരു കാലിച്ചായയോടൊപ്പം

ഡാനിയേൽ പി ജെയിംസ്

ജീവശാസ്ത്ര അധ്യാപകൻ,ജി.എച്ച്.എസ് വാടാനാംകുറുശ്ശി

## എന്റെ ബാല്യകാലം



ഒരു കാലമുണ്ടെനിക്കൊരു കാലമു-

ണ്ടെനിക്കോർമകളുടുക്കുന്ന

ബാല്യകാലം

അമ്മതൻ കൈകളിൽ കൈകോർത്തു

പിടിച്ചെന്നെ പിച്ചവയ്ക്കാൻ പഠിപ്പിച്ച കാലം

കൈനിറയെ മടിനിറയെ മധുരം തുളുമ്പുന്ന

തേൻ നീരുറവകൾ ഒഴുകിടുമ്പോൾ

വിദ്യതൻ അക്ഷരച്ചെപ്പുകൾ എൻ മുന്നിൽ

വച്ചുനീട്ടിത്തന്ന കൊച്ചുബാല്യം

ഒരു കാലമുണ്ടെനിക്കൊരു കാലമു-

ണ്ടെനിക്കോർത്തിരിക്കാനായി എന്റെ ബാല്യകാലം! ......

ഭദ്ര.പി .... 8B

# നാളുകൾക്കപ്പുറം

നാളുകൾക്കപ്പുറം,

പത്രത്തിൽ പുതിയൊരു താൾ

ചേർത്തിരിക്കുന്നു.

"ചരമ" വാർത്തകൾ ക്കെന്ന പോൽ

"പീഢന" വാർത്തകൾക്കായ്

അതിൽ,

വേഷം നോക്കി

നാടു നോക്കി

ഭാഷ നോക്കി

മതം നോക്കി

ജാതി നോക്കി

വാർത്തകൾ വേർതിരിച്ചിരിക്കുന്നു.




ചുവന്ന വരകളാൽ വേർതിരിക്കപ്പെട്ട

ഇരുണ്ട കോളങ്ങൾ!

ഓരോന്നിലും

മുറിപ്പാടുകളും നിലവിളികളും,ഒപ്പം,

കറുത്ത മുഖംമൂടികളാൽ മറക്കപ്പെട്ട

പ്രതികളും,

കൊഴിഞ്ഞ പനിനീർ പൂക്കളായ് വിളിക്കപ്പെട്ട

ഇരകളും.

മാറുന്ന മുഖങ്ങൾക്കും കാലത്തിനുമൊപ്പം

മാറാത്തതായ് ഒന്നു മാത്രം

“കണ്ണു മൂടിക്കെട്ടിയ നീതി ദേവത!"

ജംഷിത.എം ...........9A

# പ്രളയം തന്ന വിധി


കാറ്റുപോലും അടക്കിപ്പിടിച്ചു-

കൊണ്ടാടിയുലഞ്ഞു വീശിടുന്നു.

പുഴതന്റെ ഞെരമ്പിലൂടൊ-

ഴുകുന്ന നീരുറവയിൽ അലിയുന്ന

ജലത്തെ പതുക്കെ ഒഴുക്കിടുന്നു



അമ്മേ.... പ്രകൃതിമാതാവേ

നീ കേൾക്കുന്നുണ്ടാകണം

ഞങ്ങൾ പുഴയാണ്,കാറ്റാണ്.

ജീവനാണ്,അമ്മതൻ മക്കളാണ്.

അമ്മ രോക്ഷാഗ്നിയായ്  മാറുമ്പോഴും

ഉള്ളിൽ വിങ്ങി നീറുമ്പോഴും

മനുഷ്യൻെറ ചിന്തകൾ ഒന്നുമാത്രം

വികസനം വികസനം എന്നു മാത്രം

ഫ്ലാറ്റുകൾ,റോഡുകൾ,പാലങ്ങളും

കാറുകൾ, മറ്റു വാഹനങ്ങൾ

വികസനത്തിൻ മന്ത്രമായ്

മതിലുകൾ മാനുഷർ

ഉയർത്തിടുന്നു.

അമ്മ രോക്ഷയായ്,കോപാഗ്നിയായി

പാഠമായ് താക്കീതായ്

മഴയായ്,ഇടിയായി,മിന്നലായി


മലയായ് ഉരുൾപൊട്ടലായി.

പുഴ കോപത്താൽ കുത്തിയൊലി-

ക്കുമ്പോൾ,മല തൻെറ മതം

പൊട്ടിതകരുമ്പോൾ അമ്മ

പാഠമായ് താക്കീതായ്



മഴയായ്,ഇടിയായി,മിന്നലായ് പതിക്കുന്നു

പാലമില്ല,റോഡില്ല,കാറില്ല

ഫ്ലാറ്റില്ല മരങ്ങളുമില്ല ബാക്കിയായ്

കുന്നിടിച്ചു തകർത്തു നിർ-

മ്മിച്ചൊരായിരക്കണക്കിനു വീടുമില്ല.

പുഴറോഡിനെ വിഴുങ്ങി-

ക്കൊണ്ടോടുമ്പോൾ,

മല വീടുകൾ മണ്ണിട്ടു മൂടുമ്പോൾ,

വെള്ളമെല്ലാം ഇരമ്പിക്കയറുമ്പോൾ,

മരമെല്ലാം ഒടിഞ്ഞുതകരുമ്പോൾ,

ഓർക്കണമായിരുന്നു മനുഷ്യരേ

ഓർത്തിരിക്കേണ്ടതായിരുന്നു ഞങ്ങളെ

പുഴയേയും,മലയേയും,മണ്ണിനെയും

പ്രകൃതിയാം നമ്മൾതൻ മാതാവിനെയും

ഇതു നിങ്ങളിൽ പതിഞ്ഞിടട്ടേ

ഇതു താക്കീതായ് മാറിടട്ടേ

പാഠം പഠിച്ചീടും നിങ്ങൾ ഞങ്ങളിലൂടെ

ഇനിയും നീ മനുഷ്യാ അമ്മയാം-

ഭൂമിയെ കോപാഗ്നിയാക്കിയാൽ,

ഇടിമിന്നലല്ല, പ്രളയമല്ലി -

തിനു മറുപടിയായി

ഞാൻ വരും കൊട്ടും വരൾച്ചയായ് .......

മാഗസിൻ പ്രവർത്തനങ്ങളുമായി ............

..........സഹകരിച്ച ഏവർക്കും

# നന്ദി